**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2949** **03-08-2021 - ൽ മറുപടിയ്ക്ക്**

**കോൺട്രാക്ട് കാര്യേജുകൾക്ക് നികുതി ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ലോക് ഡൗൺ മൂലം സംസ്ഥാനത്തുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ ഓടാൻ കഴിയാതെ നശിച്ചുകൊണ്ടിരിക്കുന്നതു കാരണം ഉടമകൾ വൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ആയത് പരിഹരിക്കുന്നതിന് പ്രസ്തുത വാഹനങ്ങൾക്ക് ഈ കാലയളവിൽ നികുതി കുറയ്ക്കുന്നതിനോ ഒഴിവാക്കുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ ലോക്ഡൗൺ നിയന്ത്രണങ്ങൾ പരിഗണിച്ച് കോൺട്രാക്ട് കാര്യേജ് വിഭാഗത്തിലുള്ള വാഹനങ്ങളുടെ വാഹന നികുതി ഒഴിവാക്കുകയും വാഹന നികുതി ഒടുക്കുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | വാഹനത്തിന്റെ തരം | വാഹന നികുതി ഏതു കാലയളവിലേക്കാണ് ഒഴിവാക്കിയത് / സമയം ദീർഘിപ്പിച്ചു നൽകിയതിന്റെയും വിവരങ്ങൾ | സർക്കാർ ഉത്തരവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | കോൺട്രാക്ട് കാര്യേജ് (ഓട്ടോ, ടാക്സി, ടൂറിസ്റ്റ് പെർമിറ്റ് ട്രാവലർ) | 01.04.2020 – 30.06.2020 | ജി.ഒ. (പി) നം.40/2020 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 15.08.2020 വരെ ദീർഘിപ്പിച്ചു. |
| | | | ജി.ഒ.(പി) നം.13/2020 | നികുതിയിൽ 20% ഇളവ് നൽകി. |
| | | 01.07.2020 – 30.09.2020 | ജി.ഒ.(പി) നം.45/2020 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി. |
| | | 01.10.2020 – 31.12.2020 | ജി.ഒ.(പി) നം.60/2020 | നികുതിയിൽ 50% ഇളവ് നൽകി. |
| | | | ജി.ഒ.(പി) നം.52/2020 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 30.11.2020 വരെ ദീർഘിപ്പിച്ചു. |
| | | 01.01.2021 – 31.03.2021 | ജി.ഒ.(പി) നം.9/2021 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി. |
| | | 01.04.2021 – 30.06.2021 | ജി.ഒ.(പി) നം.14/2021 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 31.05.2021 വരെ ദീർഘിപ്പിച്ചു. |
| | | 01.04.2021 – 30.09.2021 | ജി.ഒ.(പി) നം.21/2021 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 31.08.2021 വരെ ദീർഘിപ്പിച്ചു. |